**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2793** — **22-01-2021 - ൽ മറുപടിയ്ക്ക്**

**രാമൻചാടി - അലിഗർ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന രാമൻചാടി-അലിഗർ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദാമാക്കുമോ; | (എ) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന രാമൻചാടി-അലിഗർ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി 1) കിണറും ജല ശുദ്ധീകരണ ശാലയും ഉൾപ്പെട്ട പാക്കേജ് 1 - പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. 2 ) പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ പഴയ വിതരണ കുഴലുകൾ മാറ്റുന്ന പ്രവൃത്തി-പാക്കേജ് 2 -പ്രവൃത്തി പുരോഗമിക്കുന്നു 3 ) ബൂസ്റ്റർ ജല സംഭരണിയും പമ്പ് ഹൗസും പമ്പ് സെറ്റുകളും അങ്ങാടിപ്പുറം പഞ്ചായത്തിലേക്കുള്ള ഗ്രാവിറ്റി മെയിനും ഉൾകൊള്ളുന്ന പാക്കേജ് 3 - എസ്റ്റിമേറ്റ് തയാറാക്കി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു 4 ) നാലാമത്തെ പാക്കേജിൽ ഉൾപ്പെട്ട കുതപ്പുഴയിൽ പോത്തുകുഴി എന്ന സ്ഥലത്ത് ഒരു തടയണ നിർമ്മിക്കൽ എന്ന പ്രവത്തി നടപ്പിലാക്കുന്നതിന് ജലസേചന വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു |
| (ബി) | പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | ഈ പദ്ധതി നാല് പാക്കേജുകളായാണ് നടപ്പിലാക്കുന്നത് 1) പാക്കേജ്1-കിണറും ജല ശുദ്ധീകരണ ശാലയും നിർമ്മിക്കുന്ന പ്രവൃത്തി 2) പാക്കേജ് 2 - പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ പഴയ വിതരണ കുഴലുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി 3) പാക്കേജ് 3-ബൂസ്റ്റർ ജല സംഭരണിയും പമ്പ് ഹൗസും പമ്പ് സെറ്റുകളും, അങ്ങാടിപ്പുറം പഞ്ചായത്തിലേക്കുള്ള ഗ്രാവിറ്റി മെയിനും. 4 ) പാക്കേജ് 4 - കുതപ്പുഴയിൽ പോത്തുകുഴി എന്ന സ്ഥലത്ത് തടയണ നിർമ്മാണം |
| (സി) | പദ്ധതി പൂർത്തീകരിക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; ഏത് തീയതിയിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ? | (സി) | ഈ പദ്ധതിയുടെ വിവിധ ഘടകങ്ങൾ സമയ ബന്ധിമായി ടെണ്ടർ ചെയ്ത് നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട് . പദ്ധതി സമയ ക്രമം |

| | | | |
|---|---|---|---|
| | | | പാലിച്ചു കൊണ്ട് നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലെ സാഹചര്യത്തിൽ 2022 മെയ് മാസത്തോടെ പദ്ധതി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു |

സെക്ഷൻ ഓഫീസർ